**Circular No. 137**
**Thuvanisa**
**Convention 2013**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 26-08-2013

പ്രിയ ബഹു. അച്ചാ, ദൈവജനമേ,

സാർവ്വത്രിക സഭ ആചരിക്കുന്ന വിശ്വാസവർഷത്തിന്റെ സമാപന ഘട്ടത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. "സ്നേഹത്തിൽ പ്രവർത്തന നിരതമാകുന്ന വിശ്വാസം" ജീവിതത്തിന്റെ ഭാഗമാക്കുവാനുള്ള സഭയുടെ പ്രബോധനം നമ്മുടെ ക്രൈസ്തവജീവിതത്തിന് കൂടുതൽ ആഴവും അർത്ഥവും നൽകുന്നു എന്നതിൽ നമുക്ക് സന്തോഷിക്കാം. അജപാലന മാർഗ്ഗരേഖയിലൂടെ ഇതിന് സഹായകമാകുന്ന കർമ്മ പരിപാടികൾ നിർദ്ദേശിച്ചിരുന്നവ വിജയകരമായി നടപ്പിലാക്കുന്ന എല്ലാവരേയും പ്രത്യേകം അനുമോദിക്കുന്നു.

2013 നവംബർ 24ന് വിശ്വാസവർഷം സമാപിക്കുകയാണ്. അതിന് മുന്നോടിയായി എല്ലാ ഇടവകകളിലും ഒരു ദിവസത്തെയെങ്കിലും സായാഹ്നബൈബിൾ കൺവൻഷൻ നടത്തുവാനുള്ള അതിരൂപതാ വൈദിക കൗൺസിൽ നിർദ്ദേശം എല്ലാ ഇടവകകളും നടപ്പിൽ വരുത്തണം. ഓരോ ഫൊറോനയിലെയും എല്ലാ ഇടവകകളും ചേർന്ന് ഫൊറോന തലത്തിൽ വിശ്വാസ കൂട്ടായ്മ സംഘടിപ്പിക്കുവാൻ ബഹു. ഫൊറോന വികാരിമാർ ശ്രദ്ധിക്കണം.

നമ്മുടെ അതിരൂപതയുടെ വിശ്വാസവളർച്ചയിൽ കഴിഞ്ഞ 31 വർഷങ്ങളായി നിർണായക സംഭാവനകൾ നൽകുന്ന തൂവാനീസാ പ്രാർത്ഥനാലയത്തിന്റെ വിപുലീകരണപ്രവർത്തനങ്ങളിൽ എല്ലാ ഇടവകകളും പങ്കാളികൾ ആകണമെന്ന് വിശ്വാസവർഷത്തിന്റെ ആരംഭത്തിൽ നിർദ്ദേശിച്ചിരുന്നല്ലോ. 2014 ജനുവരി 26ന് ദൈവദാസൻ മാർ മാക്കീൽ പിതാവിന്റെ ചരമ ശതാബ്ദി ദിനത്തിൽ ആശീർവദിക്കത്തക്ക വിധത്തിൽ പുതിയ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ദൈവരാജ്യവളർച്ചയ്ക്ക് വേണ്ടിയുള്ള ഈ ശുശ്രൂഷയിൽ വ്യക്തിപരമായും ഇടവക തലത്തിലും പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരും തയ്യാറാകണം.

വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി അതിരൂപതാ ബൈബിൾ കൺവൻഷൻ 2013 സെപ്റ്റംബർ 19 മുതൽ 22 വരെ തൂവാനീസാ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെടുകയാണ്. യുവജനങ്ങൾക്കിടയിൽ ആത്മീയ ചൈതന്യം ഉണർത്താൻ പ്രയത്നിക്കുന്ന ജീസസ് യൂത്ത് കൂട്ടായ്മയുടെ നേതൃത്വത്തിൽ "ഫെയ്ത്ത് ഫെസ്റ്റ്" യുവജന കൺവൻഷൻ സെപ്റ്റംബർ 18ന് തൂവാനീസായിൽ സംഘടിപ്പിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതയുടെ ആത്മീയ നവീകരണത്തിനായി നടത്തപ്പെടുന്ന ബൈബിൾ കൺവൻഷനും യുവജന സംഗമവും അനുഗ്രഹപ്രദമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. കൺവൻഷൻ വിജയത്തിനായുള്ള പ്രാർത്ഥനയിലൂടെ ഇതിനോടകം നാമെല്ലാവരും അതിൽ പങ്കാളികളായി എന്നു ഞാൻ കരുതുകയാണ്. കുടുംബങ്ങളുടെ ശിഥിലീകരണവും മൂല്യശോഷണവും വർദ്ധിച്ചുവരുന്ന ഇന്നത്തെ സമൂഹത്തിൽ വിശ്വാസ വളർച്ചയും ആത്മീയ നവീകരണവും ആർജ്ജിച്ചെങ്കിൽ മാത്രമേ ദൈവകൃപയിൽ വളരുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

ഓരോ ഇടവകയിൽ നിന്നും കൂടാരയോഗാടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി കൺവൻഷൻ ദിനങ്ങളിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കണം. ദൈവജനത്തിന്റെ ആത്മീയ ഉണർവ്വും വിശ്വാസപരിപോഷണവും ആണ് ഇടവകയുടെ സുപ്രധാന ദൗത്യമെന്ന് തിരിച്ചറിഞ്ഞ് ഓരോ ഇടവകയും ഇതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. വിദൂരത്തുള്ള ഇടവകകൾ പ്രാർത്ഥന വഴി ആത്മനാ പങ്കുചേർന്ന് ഈ സംരംഭത്തെ അനുഗ്രഹപ്രദമാക്കണം.

വിശ്വാസവർഷാചരണം നമ്മുടെ വിശ്വാസജീവിതത്തിന് കൂടുതൽ ഉണർവ്വും അനുഗ്രഹവും പ്രദാനം ചെയ്യട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

***NB :*** ഈ സർക്കുലർ സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.